**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** | **06-02-2023 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മാസത്തിനു ശേഷം ജലവിഭവ വകുപ്പിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഓവർസിയർ ഗ്രേഡ് I/II/III തസ്തികകൾ ഏതൊക്കെ ഓഫീസുകളിലായി പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | **2016 മെയ് മാസത്തിനു ശേഷം ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസിയർ ഗ്രേഡ് I/II/III തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.** |
| (ബി) | ജലവിഭവ വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രൊപ്പോസലുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (ബി) | **ജലവിഭവ വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം (Knowledge Administration) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 01.06.2022 ലെ സ.ഉ(സാധാ)നം.479/2022/ജ.വി.വ പ്രകാരം ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായി രൂപീകരിക്കപ്പെട്ട വകുപ്പുതല സമിതിയുടെ 21.11.2022 ന് കൂടിയ യോഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നിവർ പൂർണ്ണമായ പ്രൊപ്പോസലുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജലസേചന വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയതും കൂടി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ